പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2946

15/12/2015 - ൽ മറുപടിയ്ക്ക്

**വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നത് സർക്കാർ നിരീക്ഷിക്കാറുണ്ടോ; | (എ) ഉണ്ട് |
| (ബി) എറണാകുളം ജില്ലയിൽ എൽ.പി.എസ്.എ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഇതിൽ എത്ര എണ്ണം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മുഴുവൻ ഒഴിവും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം എന്താണെന്നും വ്യക്തമാക്കുമോ; | (ബി) 2014-15 ലെ തസ്തിക നിർണ്ണയപ്രകാരം 41 ഒഴിവുകളിൽ 25 എണ്ണം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തു. ബാക്കിയുള്ള ഒഴിവുകൾ അന്തർജില്ലാ സ്ഥലംമാറ്റം, ബൈട്രാൻസ്ഫർ എന്നിവയ്ക്കായി മാറ്റി വച്ചിരിക്കുന്നു. |
| (സി) പി.എസ്.സി അഡ്വൈസ് മെമ്മോ അയച്ച എത്ര ഉദ്യോഗാർത്ഥികൾക്ക് എറണാകുളം ജില്ലയിൽ നിയമനം നൽകാൻ ബാക്കിയുണ്ടെന്നും കാലതാമസത്തിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ; | (സി) എറണാകുളം ജില്ലയിൽ പി.എസ്.സി നിയമന ശുപാർശ അയച്ച ഒരു ഉദ്യോഗാർത്ഥിക്കും നിയമനം നൽകാൻ ബാക്കിയില്ല. |
| (ഡി) പ്രസ്തുത ജില്ലയിലെ റാങ്ക് ഹോൾഡർമാർ ജനസമ്പർക്ക പരിപാടിയിൽ സമർപ്പിച്ച നിവേദനം പരിഗണിച്ച് നിയമനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) എറണാകുളം ജില്ലയിലെ റാങ്ക് ഹോൾഡർമാരുടെ നിവേദനം സർക്കാരിൽ ലഭിച്ചാലുടൻ നടപടി സ്വീകരിക്കുന്നതാണ്. |

Sreedevi

സെക്ഷൻ ഓഫീസർ